# സഞ്ചാരികൾകണ്ട കേരളം

## വേലായുധൻ പണിക്കശ്ശേരി



ബി.സി. നാലാം നൂറ്റാണ്ടുമുതൽ സമീപകാലം വരെ കേരളം സന്ദർശിച്ചിട്ടുള്ള അമ്പത്തിരണ്ടു പ്രമുഖ വിദേശസഞ്ചാരികളുടെ വിവരണമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. കേരള ചരിത്രത്തിന്റെ അടിയാധാരമാണ് ഈ സഞ്ചാരികളുടെ ഓർമ്മക്കുറിപ്പുകൾ. കേരളത്തിലെ ജനങ്ങൾ, ജീവിതരീതികൾ, ഭക്ഷണക്രമം, വസ്ത്രധാരണത്തിലെ പ്രത്യേകതകൾ, ഭൂപ്രകൃതി, കൃഷി, കൈത്തൊഴിൽ, ആചാരാനുഷ്ഠാനങ്ങൾ, ആരാധനാക്രമങ്ങൾ, ഭരണാധിപന്മാരും ഭരണരീതികളും, നീതിന്യായ വ്യവസ്ഥകൾ, ആയോധനസമ്പ്രദായങ്ങളും പരിശീലനമുറയും, ഗൃഹനിർമ്മാണരീതി, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, വിനോദം എന്നിങ്ങനെ കേരളീയരുടെ സാമൂഹ്യജീവിതത്തെയും സാംസ്കാരിക രാഷ്ട്രീയവ്യവസ്ഥിതിയെക്കുറിച്ചും വിലപ്പെട്ട വിവരങ്ങൾ തരുന്ന ഗ്രന്ഥം.

ISBN 81-240-1053-6
00005
9 788124 010532
₹ 325.00

കറന്റ് ബുക്സ്

കോട്ടയം തിരുവനന്തപുരം കൊല്ലം
തിരുവല്ല ആലപ്പുഴ തൊടുപുഴ
എറണാകുളം ആലുവ ഇരിങ്ങാലക്കുട
പാലക്കാട് പെരിന്തൽമണ്ണ കോഴിക്കോട്
തലശ്ശേരി കല്പറ്റ കാഞ്ഞങ്ങാട്

സഞ്ചാരികൾ കണ്ട കേരളം • വേലായുധൻ പണിക്കശ്ശേരി



# സഞ്ചാരികൾകണ്ട കേരളം

954.83 VEL/S
CASMTVK
1185

വേലായുധൻ പണിക്കശ്ശേരി

CASM College Library TVK
1 1 8 5
VEL/S

954.83 VEL/S
CASMTVK
1 1 8 5

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu 678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1185 Call No. 1185

This book should be returned on or before the date last given below.

16-032
10 SEP 2018

(Malayalam)

**Sancharikalkanda Keralam**

History
by **Velayudhan Panikkassery**
Published by the Author
First Published August 2001
5th impression - January 2017
Cover Design: Udayakumar
Rights Reserved
Typesetting : Rosco, Aluva
Printed in India at D.C. Press, Kottayam, INDIA

**D C Books Library Cataloguing in Publication Data**
Velayudhan Panikkassery
Sancharikalkanda Keralam / Velayudhan Panikkassery
432 p; 21 cm.
ISBN 81-240-1053-6
1. History I. Title
954.83 - dc 22.

Distributors
CURRENT BOOKS
Kottayam, Thiruvananthapuram, Kollam, Thiruvalla, Alappuzha, Thodupuzha, Eranakulam, Aluva, Irinjalakuda, Palakkad, Perinthalmanna, Kozhikode, Thalassery, Kalpetta, Kanhangad

**₹ 325.00**

Sl. No. 3325

ISBN 81-240-1053-6

50/16-XXXVII-CBD. 1409-2000-1216

# സഞ്ചാരികൾകണ്ട കേരളം

(ചരിത്രം)

## വേലായുധൻ പണിക്കശ്ശേരി

**കറന്റ് ബുക്സ്**

കോട്ടയം തിരുവനന്തപുരം കൊല്ലം തിരുവല്ല
ആലപ്പുഴ തൊടുപുഴ എറണാകുളം ആലുവ ഇരിങ്ങാലക്കുട പാലക്കാട്
പെരിന്തൽമണ്ണ കോഴിക്കോട് തലശ്ശേരി കല്പറ്റ കാഞ്ഞങ്ങാട്
വില 325.00 രൂപ

പ്രവർത്തനങ്ങളെയും പറ്റി പഠിക്കാൻ പല വിദേശികളും ഭാരതത്തിൽ എത്തിയിരുന്നുവെങ്കിലും കേരളം അവരുടെ പഠനത്തിന് വിധേയമായിരുന്നില്ല. ജനായത്തരീതിയിലുള്ള പൊതുതെരഞ്ഞെടുപ്പിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നതിനു ശേഷമാണ് ഈ കൊച്ചുപ്രദേശത്തിലേക്ക് വീണ്ടും ലോകശ്രദ്ധ തിരിഞ്ഞത്. അതിനെ തുടർന്ന് വളരെയേറെ വിദേശപത്രപ്രവർത്തകരും ലേഖകരും കേരളത്തിലെത്തുകയും വിലയേറിയ പഠനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ബി. സി. നാലാം നൂറ്റാണ്ടു മുതൽ ഇരുപതാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ ഇവിടെയെത്തിയിട്ടുള്ള 52 സഞ്ചാരികളുടെ വിവരണങ്ങളാണ് ആവശ്യമായ പഠനങ്ങളും ജീവചരിത്രസംഗ്രഹവും സഹിതം തുടർന്നുള്ള പേജുകളിലുള്ളത്. മുഴുവൻ സഞ്ചാരികളും ഇതിൽ ഉൾക്കൊള്ളുന്നു എന്ന് അവകാശപ്പെടുന്നില്ല. അന്വേഷണം തുടരുകയാണ്. കൂടുതൽ സഞ്ചാരികളുടെ സ്മരണകൾ അടുത്ത പതിപ്പിൽ ചേർക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നു.

## ഉള്ളടക്കം

*ഉപക്രമം*

മെഗസ്തനീസ് 13
പെരിപ്ലസിൻെറ കർത്താവ് 17
പ്ലിനി 28
ടോളമി 36
ഫാഹിയൻ 45
കാസ്മോസ് 53
ഹ്യൂൻസാങ് 58
ഇ-റ്റ്സിങ് 67
സുലൈമാൻ 73
ഇബ്നു ഖുർദാദ്ബെ 78
അബൂ സെയ്ദ് 83
അൽ മസ്ഊദി 87
അൽ ബറൂനി 90
അൽ ഇദ്രീസി 105
റബ്ബി ബൻജമിൻ 109
ചൗ-ജൂ-ക്വാ 113
ജോൺ ഓഫ് മോൻറി കോർവിനോ 116
മാർക്കോപോളോ 120
അബുൽഫിദ 140
ഒഡൊറിക് 143
ജോർഡാനുസ് 146
ഇബ്നു ബത്തൂത്ത 153
ജോൺ ഡി മാറിനൊല്ലി 175
നിക്കോളോ കോണ്ടി 178
വാങ്-താ-യൂൻ 187
മാഹ്വാൻ 192
ഫെയ്സീൻ 196

അബ്ദുൽ റസാഖ് 201
പീറോ ഡി കോവിൽഹോ 206
വാസ്കോ ഡ ഗാമ 212
കബ്രാൾ 233
ബാർബോസ 240
ലുഡൊവിക്കോ ഡി വർത്തേമ 258
അഫ്നാസി നികിതിൻ 270
സ്റ്റെഫാനോ 277
ശൈഖ് സൈനുദ്ദീൻ 281
സീസർ ഫെഡറിക് 288
ഫെറിയ വൈ സൂസ 292
മാസ്റ്റർ റാൽഫ് ഫിച്ച് 301
ലിൻ ഷോട്ടൻ 306
പീട്രോ ഡെല്ലാ വെല്ലി 312
പിറാർഡ് ഡി ലാവൽ 318
ഡി പൈവ 327
ഡോ. ജോൺ ഫ്രയർ 330
ന്യൂഹോഫ് 333
ടാവണിയർ 348
ബർത്തലോമ്യോ 356
കാന്റർ വിഷർ 367
ഹാമിൽട്ടൻ 375
ജെയിംസ് ഫോർബസ് 389
ബുക്കാനൻ 399
ജോർജ് വുഡ്കോക്ക് 418

*Bibliography* 421

*സൂചിക* 425

# മെഗസ്തനീസ്

കേരളത്തെക്കുറിച്ച് സൂചന നല്കുന്ന ആദ്യത്തെ വിദേശസഞ്ചാരിയാണ് മെഗസ്തനീസ്. ചന്ദ്രഗുപ്തമൗര്യന്റെ കൊട്ടാരത്തിലേക്ക് ബി. സി. 302-ൽ സെലുക്കസ് നിക്കട്ടോർ അയച്ച ഗ്രീക്കുസഞ്ചാരിയാണദ്ദേഹം. ഒമ്പത് വർഷത്തോളം ഭാരതത്തിലുടനീളം (പ്രത്യേകിച്ച് ഉത്തര ഭാരതത്തിൽ) കാൽനടയായി സഞ്ചരിച്ച് അവിടെ കണ്ടതും കേട്ടതുമെല്ലാം ക്രോഡീകരിച്ച് അദ്ദേഹമെഴുതിയ പ്രസിദ്ധ ഗ്രന്ഥമാണ് 'ഇൻഡിക്ക'. പില്ക്കാല ചരിത്രകാരന്മാർക്ക് ഇൻഡിക്ക വളരെയേറെ സഹായകമായിട്ടുണ്ട്. ഇതിന്റെ ശരിപ്പകർപ്പ് നഷ്ടപ്പെട്ടു. പില്ക്കാലത്ത് മക്രിൻറൽ സമാഹരിച്ച പതിപ്പാണ് ഇപ്പോൾ നിലവിലുള്ളത്. അക്കാലത്തെ ഭാരതത്തെക്കുറിച്ചും പ്രത്യേകിച്ച് ചന്ദ്രഗുപ്തനെയും അദ്ദേഹം സ്ഥാപിച്ച മൗര്യസാമ്രാജ്യത്തെക്കുറിച്ചും നാം മനസ്സിലാക്കുന്നത് മെഗസ്തനീസിന്റെ വിവരണത്തിലൂടെയാണ്.

ഇന്നത്തെ ബീഹാറിന്റെ സ്ഥാനത്ത് സ്ഥിതി ചെയ്തിരുന്ന പുരാതന രാജാധിപത്യമായിരുന്നു മഗധ. ഗ്രീക്കുചക്രവർത്തിയായിരുന്ന അലക്സാണ്ടർ വടക്കുപടിഞ്ഞാറൻ ഭാരതത്തെ ആക്രമിച്ച കാലത്ത് നന്ദവംശത്തിലെ രാജാവായിരുന്നു മഗധ ഭരിച്ചിരുന്നത്. പാടലീപുത്ര (ഇന്നത്തെ പാറ്റ്ന) മായിരുന്നു തലസ്ഥാനം. കൊട്ടാരത്തിലെ ഉദ്യോഗസ്ഥനായിരുന്ന ചന്ദ്രഗുപ്തൻ ഉത്സാഹശാലിയും അധികാരമോഹിയും അതീവ വിരുതനുമായിരുന്നു. ഏതോ കൃത്യവിലോപത്തിന് രാജാവ് അയാളെ സ്ഥാനഭ്രഷ്ടനാക്കി. ചന്ദ്രഗുപ്തന് കുശാഗ്രബുദ്ധിയായ ഒരു കൂട്ടുകാരനുണ്ടായിരുന്നു. പില്ക്കാലത്ത് 'അർത്ഥശാസ്ത്ര'മെന്ന വിശ്രുത ഗ്രന്ഥമെഴുതിയ കൗടില്യൻ. ഇദ്ദേഹത്തെ വിഷ്ണുഗുപ്തനെന്നും ചാണക്യനെന്നും വിളിക്കും. ഇവർ രണ്ടുപേരും നേരേ തക്ഷശിലയിലേക്കാണ് പോയത്. അന്നവിടെ അലക്സാണ്ടറുടെ ഭരണമാണ്. അധികാരമോഹികളായ ഇവർ വലിയ വലിയ പദ്ധതികൾക്ക് രൂപം നല്കുകയായിരുന്നു. അവ പ്രയോഗത്തിൽ വരുത്താനും ഏറെ താമസിയാതെ അവർക്ക് അവസരം ലഭിച്ചു. അലക്സാണ്ടറുടെ മരണം—ഈ വാർത്ത തക്ഷശിലയിലെത്തിയതോടെ ഇവർ മുന്നിട്ടിറങ്ങി. ചുറ്റുപാടുള്ള ജനങ്ങളെ തട്ടിയുണർത്തി നല്ലൊരു സേനയുണ്ടാക്കി. അവരുടെ സഹായത്തോടെ അലക്സാണ്ടറുടെ സൈന്യത്തെ വിരട്ടിയോടിച്ച് തക്ഷശില കൈക്കലാക്കി. തുടർന്ന് പാടലീപുത്രം ആക്രമിച്ച് കീഴടക്കി അധികാരം സ്ഥാപിച്ചു. ബി. സി. 321-ാമാണ്ടിൽ അതായത് അലക്സാണ്ടർ മരിച്ചിട്ട് അഞ്ചു വർഷം കഴിഞ്ഞതിനു ശേഷമാണ് ഇതു